**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 317** **12-01-2021 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾക്ക് സ്പെഷ്യൽ റൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് രൂപീകരിച്ചത് ഏത് വർഷമാണ്; | (എ) | 1983 |
| (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്പെഷ്യൽ റൂൾ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ നിലവിലെ അവസ്ഥ അറിയിക്കുമോ; | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അധ്യാപക തസ്തികകളുടെ കരട് സ്പെഷ്യൽ റൂൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശത്തിനായി അയച്ചിരിക്കുകയാണ്. സ്റ്റേറ്റ്/സബോർഡിനേറ്റ് തസ്തികകളുടെ കരട് സ്പെഷ്യൽ റൂളിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| (സി) | സ്പെഷ്യൽ റൂളിന്റെ അഭാവത്തിൽ പാരാ മെഡിക്കൽ ജീവനക്കാരുടെ പ്രമോഷൻ നടപടികൾ നടപ്പിലാക്കുന്നതിന്റെ മാനദണ്ഡം എന്താണ്; വ്യക്തമാക്കുമോ; | (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള തസ്തികകളുടെ യോഗ്യതയും നിയമന രീതിയും നിശ്ചയിച്ചുകൊണ്ട് എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പ്രൊമോഷൻ നടപടികൾ നടപ്പിലാക്കുന്നത്. |
| (ഡി) | സയന്റിഫിക് അസിസ്റ്റന്റ് സ്കിൻ ആന്റ് വി.ഡി., സയന്റിഫിക് അസിസ്റ്റന്റ് സീറോളജി എന്നീ തസ്തികകളിൽ പ്രമോഷൻ നടപ്പിലാക്കുന്നത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; വ്യക്തമാക്കുമോ; | (ഡി) | സയന്റിഫിക് അസിസ്റ്റന്റ് (സ്കിൻ ആന്റ് വി.ഡി.) തസ്തികയിൽ 22.04.1982 ലെ സ.ഉ(കൈ) നം.90/82/എച്ച്.ഡി, 10.11.94 ലെ സ.ഉ(കൈ) നം.384/94/ആ.കു.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരവും സയന്റിഫിക് അസിസ്റ്റന്റ് (സിറോളജി) തസ്തികയിൽ 10.12.1984 ലെ സ.ഉ(കൈ) നം.309/84/എച്ച്.ഡി, നമ്പർ സർക്കാർ ഉത്തരവ് പ്രകാരവുമാണ് സ്ഥാനക്കയറ്റം നടപ്പിലാക്കി വരുന്നത്. |
| (ഇ) | പി.എസ്.സി. വഴി നിയമനം നടത്തുന്ന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ തസ്തികകളിൽ സീനിയോറിട്ടി നിശ്ചയിക്കുന്നത് എപ്രകാരമാണ് എന്ന് അറിയിക്കുമോ? | (ഇ) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ്, 1958 ലെ ചട്ടം 27 പ്രകാരമാണ് സീനിയോരിറ്റി നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ